MONDAY

22.07.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/07/2024

1. കെ എൽ ഡി ബോർഡ്, ധോണി ഫാം പാലക്കാടിൽ നിന്ന് ക്ഷീര കർഷകർക്ക് മിതമായ നിരക്കിൽ വിവിധയിനം തീറ്റപ്പുൽ വിത്തുകളും (ഗിനിപ്പുല്ല്, സിഗ്നൽപ്പുല്ല്, മക്കച്ചോളം, സുബാബൂൾ മുതലായവയുടെ) പുൽത്തണ്ടുകളും (co -3, co -4, co -5, റെഡ് നേപ്പിയർ, സൂപ്പർ നേപ്പിയർ, ഡ്വാർഫ് നേപ്പിയർ എന്നിവയുടെ) കോംഗോ സിഗ്നൽ, സിഗ്നൽ, ഹ്യൂമിഡികോള, ഗിനിപ്പുല്ല് എന്നിവയുടെ തൈകളും വിൽക്കപ്പെടുന്നുണ്ട്. വിത്തുകളും തണ്ടുകളും നേരിട്ടും പാർസൽ മുഖേനയും നല്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446004285, 9048702812, 6282824544, 9446150097 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. പാറശാല കൃഷിഭവനിൽ സങ്കരയിനം ടിഷ്യൂകൾച്ചർ വാഴക്കന്നുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. ഒരു വാഴക്കന്നിന് 5 രൂപയാണ് നിരക്ക്. ആവശ്യമുള്ളവർ രേഖകൾ സഹിതം പാറശാല കൃഷിഭവനിൽ നേരിട്ട് വന്ന് വാങ്ങേണ്ടതാണ്.

3. കേരള വെറ്ററിനറി ആൻ്റ് അനിമൽസയൻസസ് യൂണിവേഴ്സിറ്റിയുടെ പിജി, ഡിഗ്രി, പിജി ഡിപ്ലോമ, ഡിപ്ലോമ കോഴ്സുകളിലേക്ക് 2024-25 അധ്യയന വർഷത്തിലേക്കുള്ള പ്രവേശനത്തിനായുള്ള അപേക്ഷാത്തീയ്യതി ജൂലൈ 30 വരെ നീട്ടി. വിശദവിവരങ്ങള്ക്ക് www.kvasu.ac.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്കായി 04936 209272, 209269, 209270, 9562367900, 9446994414 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള പടന്നക്കാട്, നീലേശ്വരം (കരുവാച്ചേരി) ഫാമുകളിൽ അത്യൽപാദനശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളായ കേരസങ്കര, കേരഗംഗ, കേരശ്രീ എന്നിവയും നാടൻ തെങ്ങിൻതൈകളും, മോഹിത്നഗർ,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മംഗള, സുമംഗള എന്നീ കവുങ്ങിൻതൈകളും ലഭ്യമാണ്. വില തെങ്ങ് നാടൻ 120/, സങ്കരയിനം 325/, കവുങ്ങ് 35/. എല്ലാ പ്രവൃത്തിദിവസങ്ങളിലും 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0467 2280358 (കരുവാച്ചേരി), 0467 2281966 (പടന്നക്കാട്) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴിവളം കിലോയ്ക്ക് 3/-രൂപ നിരക്കിൽ കർഷകർക്ക് വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യക്കാർ ബുക്കിങ്ങിനായി 0471 2730804 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : 2024 ഓഗസ്റ്റ് 6. കോഴ്സ് ആരംഭിക്കുന്ന തീയതി 2024 ഓഗസ്റ്റ് 7. കൂടുതൽ വിവരങ്ങൾ celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 22.07.2024 മുതൽ 5 ദിവസത്തെ കൂൺ കൃഷി പരിശീലനം സംഘടിപ്പിക്കുന്നു. കൂൺ കൃഷി രീതികൾ,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വിത്തുൽപാദനം, മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ തുടങ്ങിയ വിഷയത്തിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

8. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ 2024 ജൂലായ് 23, 24 എന്നീ തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9388834424/9446453247 ലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം